**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6570** **11-07-2024 - ൽ മറുപടിയ്ക്ക്**

**മലപ്പുറം-പരപ്പനങ്ങാടി റോഡ് വികസന പ്രവൃത്തിയുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം-പരപ്പനങ്ങാടി റോഡിന്റെ പാണക്കാട് തങ്ങൾപടി മുതൽ മറ്റത്തൂർ ജംഗ്ഷൻ വരെയുള്ള ഭാഗം വീതികൂട്ടുന്ന നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ; | (എ) | മലപ്പുറം - പരപ്പനങ്ങാടി റോഡിന്റെ തങ്ങൾപടി മുതൽ മറ്റത്തൂർ ജംഗ്ഷൻ വരെയുള്ള ഭാഗം റോഡ് വീതി കൂട്ടുന്നതിനായി 0.1196 ഹെക്ടർ ഭൂമി ആവശ്യമാണ്. ഈ ഭൂമി സ്ഥലം ഏറ്റെടുപ്പുമായി ബന്ധപ്പെട്ട് 70 ലക്ഷം രൂപ മലപ്പുറം സ്ഥലം ഏറ്റെടുപ്പ് (ജനറൽ) സ്പെഷ്യൽ തഹസിൽദാർക്ക് കൈമാറിയിരുന്നു. എന്നാൽ 2017-18 സാമ്പത്തിക വർഷാന്ത്യത്തിൽ 28.03.2018 ൽ 2,09,77,520/- രൂപ തഹസിൽദാറുടെ കാര്യാലയത്തിലെ STSB ശീർഷകത്തിൽ നിന്നും സർക്കാർ തിരിച്ചെടുത്ത കൂട്ടത്തിൽ 70ലക്ഷം രൂപയും തിരിച്ചെടുത്തിരുന്നു. നിലവിൽ എൽ.എ. നടപടികൾ ഡിനോവ ആയതിനാൽ പുതിയ നോട്ടിഫിക്കേഷൻ നടപടി സ്വീകരിക്കേണ്ടതായുണ്ട്. |
| (ബി) | പ്രസ്തുത റോഡ് വികസനത്തിനാവശ്യമായ ഭൂമി ലഭ്യമാക്കുവാൻ പ്രദേശവാസികൾ തയ്യാറായിട്ടും സ്ഥലമെടുപ്പ് നടപടികൾക്ക് കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കുമോ; സ്ഥലമെടുപ്പ് നടപടികൾക്കായി എന്തെങ്കിലും തുക അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | മലപ്പുറം - പരപ്പനങ്ങാടി റോഡിന്റെ തങ്ങൾപടി മുതൽ മറ്റത്തൂർ ജംഗ്ഷൻ വരെയുള്ള ഭാഗം റോഡ് വീതി കൂട്ടുന്നതിനായി 0.1196 ഹെക്ടർ ഭൂമി ആവശ്യമാണ്. ഈ ഭൂമി സ്ഥലം ഏറ്റെടുപ്പുമായി ബന്ധപ്പെട്ട് 70 ലക്ഷം രൂപ മലപ്പുറം സ്ഥലം ഏറ്റെടുപ്പ് (ജനറൽ) സ്പെഷ്യൽ തഹസിൽദാർക്ക് കൈമാറിയിരുന്നു. എന്നാൽ 2017-18 സാമ്പത്തിക വർഷാന്ത്യത്തിൽ 28.03.2018 ൽ 2,09,77,520/- രൂപ തഹസിൽദാറുടെ കാര്യാലയത്തിലെ STSB ശീർഷകത്തിൽ നിന്നും സർക്കാർ തിരിച്ചെടുത്ത കൂട്ടത്തിൽ 70ലക്ഷം രൂപയും തിരിച്ചെടുത്തിരുന്നു. നിലവിൽ എൽ.എ. നടപടികൾ ഡിനോവ ആയതിനാൽ പുതിയ നോട്ടിഫിക്കേഷൻ നടപടി സ്വീകരിക്കേണ്ടതായുണ്ട്. |
| (സി) | അപകടങ്ങൾ വർദ്ധിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത റോഡ് വീതികൂട്ടി നിർമ്മിക്കുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ; പ്രസ്തുത വിഷയം സംബന്ധിച്ച് വകുപ്പ് മന്ത്രിയുടെ ഓഫീസിലുള്ള | (സി) | സ്ഥലമെടുപ്പ് പദ്ധതി പൂർത്തീകരിച്ചതിനു ശേഷം റോഡ് വീതി കൂട്ടാനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയും. |

| | | | |
|---|---|---|---|
| | ഫയലിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ